ഉത്തരം

(എ) പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, വിവിധ യിനങ്ങളിലെ ഫീസാനുകൂല്യങ്ങൾ, ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ഗ്രാന്റ്, സ്റ്റഡി ടൂർ അലവൻസ് തുടങ്ങിയ വിവിധങ്ങളായ വിദ്യാഭ്യാസാനുകൂല്യങ്ങൾ നല്കി വരുന്നു.

(ബി) 2015-16 വർഷം നാളിതുവരെ പ്രീ-മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന 76159, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന 14015 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കുടിശ്ശിക നല്കാൻ അവശേഷിക്കുന്നില്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ

248(2453) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) പ്രസ്തുത വിഭാഗം ജനങ്ങളുടെ ഇതിന്മേലുള്ള പരാതികൾ പരിഹരിക്കുവാൻ ജില്ലാതലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ യഥാസമയം നല്കി വരുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കാൻ ജില്ലാതലത്തിൽ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ കേന്ദ്രീകരിച്ചു മതിയായ സംവിധാനങ്ങൾ നിലവിലുണ്ട്.

ആദിവാസികൾക്ക് ഭൂമി

249(2454) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എത്ര ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇത്രയും ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനമൊട്ടാകെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി 10517 ഏക്കർ ഭൂമി ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഭൂമി കണ്ടെത്തിയിട്ടുണ്ട്. അത് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾ

250(*T2456) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-15 കാലത്ത് ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾക്ക് ആകെ എത്ര രൂപ നൽകി;

(ബി) ഓരോ എൻ.ജി.ഒ. യ്ക്കും ഓരോ വർഷവും നൽകിയ തുക എത്ര വീതമെന്നും അവ ഓരോന്നും ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിന് ആദിവാസികൾക്ക് ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷന് 2014-15 സാമ്പത്തിക വർഷം മൂന്ന് ലക്ഷം രൂപ നല്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലും ഗിരിവികാസ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 58.87 ലക്ഷം രൂപ ജില്ലാ കളക്ടർ ചെയർമാനായ നെഹ്റു യുവകേന്ദ്ര എന്ന സംഘടനയ്ക്കും നല്കിയിട്ടുണ്ട്. എൻ.ജി.ഒ.കൾക്ക് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിയ്ക്കുന്ന പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ ശിപാർശയോടെയാണ് കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കുന്നതെങ്കിലും ധനസഹായം എൻ.ജി.ഒ.കൾക്ക് നേരിട്ടാണ് ലഭിക്കുന്നത്. അക്കാരണത്താൽ വിശദാംശങ്ങൾ വകുപ്പിൽ ലഭ്യമല്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.